# സ്ത്രീയും പുരുഷനും

ഒന്നിക്കാൻ വേണ്ടി വേർതിരിക്കപ്പെട്ടത് എന്നർത്ഥം വരുന്ന സെക്കയർ എന്ന ഗ്രീക്ക് പദത്തിൽനിന്നുമാണ്. സെക്സ് എന്ന പദമുണ്ടായത് തന്നെ ഒന്നായിരുന്നത് കാലക്രമത്തിൽ രണ്ടായിതീർന്നതാണ് സ്ത്രീയും പുരുഷനുമെന്ന സങ്കൽപ്പം എല്ലാം പുരാണങ്ങളിലും കാണാം. ഹൈന്ദവ വിശ്വാസമനുസരിച്ച് പരമാത്മാവ് സ്വയം വിഭജിച്ച് സ്ത്രീയും പുരുഷനുമായി മാറിയതാണ് എന്നാണ് വിശ്വാസം. ശരീരമാണ് വിഭജിക്കപ്പെട്ടത്. ആത്മാവല്ല. അതിനെ ഒരു ഉദാഹരണമിതാ. ഒരു വണ്ടിയിൽ ഒരു ഡ്രൈവർ മതി. ആ വണ്ടിയെ മറിച്ച് രണ്ട് വണ്ടിയാക്കുമ്പോൾ അതിൽ രണ്ട് ഡ്രൈവർ ആവശ്യമായി വരും. സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹത്തിന്റെ ആഴം കൂടുവാൻ ഹൈന്ദ ആചാര്യന്മാർ പരമാത്മാവ് സ്വയം വിഭജിച്ച് സ്ത്രീയും പുരുഷനുമായി എന്ന് പറഞ്ഞു പിടിപ്പിച്ചു. ഒരു ശരീരത്തിൽനിന്നും രണ്ടായതാണ് ആദവും ഹവ്വയുമെന്ന് ക്രൈസ്തവ-ഇസ്ലാം മതങ്ങൾ പഠിപ്പിക്കുന്നു. ദ്വിലിംഗജീവിയായിരുന്ന ആദിമ മനുഷ്യനെ ദേവന്മാർ ഇടിമിന്നലയച്ച് വേർപ്പെടുത്തിയെന്ന് ഗ്രീക്ക് പുരാണത്തിലും പറയുന്നു. ഒന്നോർക്കുക ഒരു ദിവസംകൊണ്ടോ, ഒരു നിമിഷം കൊണ്ടോ അല്ലാ സ്ത്രീയും പുരുഷനും വിഭജിക്കപ്പെട്ടത്. അതിന് കാലങ്ങളും സമയങ്ങളും എടുത്തു. ദ്വിലിംഗജീവിയായിരുന്നു ആദിമ മനുഷ്യനെ ദേവന്മാർ ഇടിമിന്നലയച്ച് വേർപ്പെടുത്തിയെന്ന് പറയുന്നത് ഒരു വസ്തുതയാണ്. കാര്യകാരണം മനസ്സിലാക്കേണ്ടത് ഇങ്ങനെയാണ്. ദ്വിലിംഗ ജീവിയായിരുന്ന മനുഷ്യനെ കാലക്രമത്തിൽ ഒരു ശക്തി പ്രവർത്തിച്ച് വിഭജിച്ചു എന്നു മാത്രം മനസ്സിലാക്കിയാൽ മതി. പുരാണങ്ങൾ എന്തുതന്നെയായാലും സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണ്. ഇനി കാര്യകാരണങ്ങളിലേക്ക് കടക്കാം. ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ എന്റെ ചില വിലയിരത്തലുകൾ.

ഭൂമിയിൽ ആദ്യം ജീവജാലങ്ങളിൽ അലൈംഗിക പ്രജനനമായിരുന്നു നിലവിലുണ്ടായിരുന്നത്. കാലപ്രവാഹത്തിൽ അലൈംഗിക പ്രജനനത്തിന് ക്ഷയം സംഭവിച്ചു. അതിനെ അതിജീവിക്കാൻ ഒരു രീതി നിലവിൽവന്നു. അത് ലൈംഗിക പ്രജനനമായിരുന്നു. ആദ്യം ഏകജീവിതന്നെയാണ് സന്തതികളെ ഉൽപാദിപ്പിച്ചിരുന്നത്. അതുകൊണ്ട് ആ ജീവിയുടെ തനിപകർപ്പായിരിക്കും അടുത്ത തലമുറയും വ്യാപിക്കുന്നത്. അതായത് പ്രകൃതി ജന്യമായ ക്ലോണിംഗ്. ഏകജീവി ശരീരം കാലക്രമത്തിൽ രണ്ടായി മുറിഞ്ഞ് ആണും പെണ്ണുമായി ലൈംഗിക പ്രജനനം ആരംഭിച്ചു. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവജാലങ്ങളിലും ഈ പ്രതിഭാസം ഉണ്ടായി. ഇനി ഈ ആശയം ബൈബിളിൽ എങ്ങിനെയാണെന്ന് നോക്കാം. ആദിമനുഷ്യനെ മണ്ണിൽനിന്ന് മെനഞ്ഞെടുത്ത് ജീവൻ പ്രദാനം ചെയ്ത ദൈവം മനുഷ്യനെ കൂട്ടികൊണ്ടുപോയി ഏദൻതോട്ടത്തിൽ കൃഷിചെയ്യുന്നതിനും തോട്ടം സൂക്ഷിക്കുന്നതിനും ആക്കി. ദൈവം അവൻ ഏകനായിരിക്കുന്നത് നല്ലതല്ല എന്ന്കണ്ട് അവന് തുണയായി സ്ത്രീയെ അവന്റെ വാരിയെല്ലിൽനിന്ന് സൃഷ്ടിച്ചുഎന്ന് ഉൽപ്പത്തി 2:21 നാം വായിക്കുന്നു. ഈ വിവരണം പല തെറ്റ് ധാരണകൾക്കും ഇടം കൊടുത്തു. ഒരു ശസ്ത്രക്രിയ വഴി ദൈവം സ്ത്രീയെ സൃഷ്ടിക്കുകയാണോ ചെയ്തത്. ആദം പൂഴിയിൽനിന്ന് സൃഷ്ടിക്കുമ്പോൾ ഹവ്വയെ എന്തുകൊണ്ട് വാരിയെല്ലിൽനിന്നു ഉണ്ടാക്കുന്നു. മാത്രമല്ല മനുഷ്യന്റെ സമയം കണക്കാക്കി നോക്കുമ്പോൾ യുക്തിവാദികൾ അവിശ്വസനീയമെന്ന് പറഞ്ഞ് തള്ളിക്കളയും. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നാണ്. ദൈവ സമയമാണ് സൃഷ്ടിയുടെ സമയമെന്ന് കണക്കാക്കിയിരിക്കുന്നു. ദൈവത്തിന്റെ ഒരു മണിക്കൂർ മനുഷ്യന്റെ ഒരു കോടി വർഷമായി കണക്കാക്കേണ്ടിവരും. അപ്പോൾ ആഴ്ന്ന യുക്തിയിൽ ഏകദേശം

ശരിയാണ് എന്ന്  മനസ്സിലാക്കാം. പുരുഷന് തുല്യമായി അവനോടൊപ്പം നിൽക്കാനായി സൃഷ്ടിക്കപ്പെട്ട സ്ത്രീയെ ഏകാന്തത അനുഭവിക്കുന്ന പുരുഷനുവേണ്ടി സൃഷ്ടിക്കപ്പെട്ട വൾ എന്നർത്ഥത്തിൽ ക്രമേണ മനസ്സിലാക്കിതുടങ്ങി. ഇത് തെറ്റാണ്. സ്ത്രീയെ സൃഷ്ടി ക്കുന്നതിന് മുമ്പ് മനുഷ്യന് ദ്വലിംഗനായിരുന്നു. (Bisexual) എന്നുവരെ പറഞ്ഞിട്ടുള്ളവരും അവസാനം ഞാനും വരെ ഉൽപത്തിപുസ്തകത്തിന്റെ തെളിയുന്ന ഉദാത്തമായ മനുഷ്യ ദർശനം വ്യക്തിമായി മനസ്സിലാക്കേണ്ടതാണ്. പല തെറ്റിദ്ധാരണകൾക്കും പ്രധാന കാരണം അതിനാൽ ഉൽപത്തിയിലെ സ്ത്രീയുടെ സൃഷ്ടിവിവരണം ശരിയായി ഗ്രഹിക്കേണ്ടതും അപഗ്രഥിക്കേണ്ടതും ആവശ്യമാണ്. പുരുഷമേധാവിത്വം മൂലമാണ് പുരുഷനിൽ നിന്ന് സ്ത്രീയുണ്ടായി എന്ന് പറഞ്ഞ് പിടിപ്പിച്ചിരിക്കുന്നത് എന്ന് ചില ദാർശനികർ പറയുന്നു. ഇപ്പോൾ ആധുനിക ശാസ്ത്രം വിലയിരുത്തുന്നത് ദ്വിലിംഗത്തിൽനിന്ന് സ്ത്രീയും പുരു ഷനും ഉണ്ടായി എന്നാണ് വിശ്വസിക്കുന്നത്. പരക്കെ ഈ വിശ്വാസം അംഗീകരിക്കപ്പെട്ടു. സങ്കീർണ്ണ ഘടനയുള്ള ജീവികളെ നിലനിർത്താനാണ് പ്രകൃതി ലൈംഗിക പ്രജനനരീതി ആസൂത്രണം ചെയ്തത് എന്ന വിശ്വാസം രണ്ടാമതായി ഉണ്ടായിട്ടുണ്ട്. അധികം സങ്കീർണ്ണ ഘടനയില്ലാത്ത സൂക്ഷ്മജീവികൾ അലൈംഗിക പ്രജനനമാണ് ഇപ്പോഴും അനുഷ്ഠിക്കു ന്നത്. ഒരെസമയം അലൈംഗിക പ്രജനനരീതിയും ലൈംഗിക പ്രജനനരീതിയും അനു ഷ്ഠിക്കുന്ന സസ്യങ്ങളും ജന്തുക്കളും ഭൂമിയിൽ ഉണ്ട്. മദ്ധ്യസങ്കീർണ്ണ ഘടനയുള്ള ജീവി കൾ കൂടുതലും ലൈംഗിക പ്രജനനരീതിയാണ് അനുഷ്ഠിക്കുന്നത്. സസ്യങ്ങളിൽ അലൈം ഗിക പ്രജനനരീതി സ്വാഭാവികമാണ്. ഇന്ന് അലൈംഗിക പ്രജനനം നടത്തുന്ന നട്ടെല്ല് ഉള്ള ഉരഗ ഇനത്തിൽപ്പെട്ട ജീവി കുരുടൻപാമ്പാണ്. ഇതിനെ ബ്രാഹ്മിണി ബ്ലൈൻഡ് സ്നെയ്ക്ക് എന്നും ഫ്ളർപോട്ട് സ്നെക്ക് എന്നും പേരുകൾ ഉണ്ട്. കുരുടൻപാമ്പിന് കണ്ണു കൾ ഉണ്ട്. പക്ഷെ നമ്മുടെ കണ്ണുകളുടെ സാധാരണമായ നോട്ടത്തിൽ പാമ്പിന് കണ്ണുകൾ ഇല്ല എന്ന് തോന്നിപോവുകയും അതുകൊണ്ടാണ് കുരുടൻപാമ്പ് എന്ന പേര് കിട്ടിയത്. ഇംഗ്ലീഷിലും ആ പേര് തന്നെയാണ് കിട്ടിയിരിക്കുന്നത്. കുരുടൻപാമ്പ് ആണും പെണ്ണും ഇല്ല. മറിച്ച് ആണും പെണ്ണും ചേർന്ന ശരീര ഘടനയാണ്. എന്നാൽ ബാഹ്യമായി പെണ്ണിന്റെ ധർമ്മം അനുഷ്ഠിക്കുന്നതുകൊണ്ട് കുരുടൻപാമ്പിനെ പെൺവർഗ്ഗത്തിലാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. അങ്ങിനെ വരുമ്പോൾ പെണ്ണിനെയാണ് ദൈവം ആദ്യം സൃഷ്ടിച്ചത് എന്ന് പറയേണ്ടിവരും. ഹൈന്ദവരിൽ അപൂർവ്വമായി ഒരു വിശ്വാസം നിലനിൽക്കുന്നു. അവർ സ്ത്രീയിൽനിന്ന് പുരുഷൻ ഉണ്ടായി എന്ന് വാദിക്കുന്നു. ദ്വിലിംഗ ജീവിയായാലും മുട്ടയി ടൽ, പ്രസവം എന്ന പ്രതിഭാസത്തിൽനിന്ന് വിട്ട് നിൽക്കാൻ കഴിയില്ലല്ലോ. കുരുടൻപാ മ്പിന് ഒരു പ്രത്യുൽപാദനം നടത്തുമ്പോൾ എട്ട് കുഞ്ഞുങ്ങൾവരെ ഉണ്ടാകും. ഒന്നോ അപൂർവ്വമായി രണ്ടോ കുഞ്ഞുങ്ങൾ മാത്രമെ ജീവിച്ചിരിക്കുകയുള്ളൂ. ചിലപ്പോൾ ഒന്നും ജീവിക്കാറില്ല. ഇണയെ അന്വേഷിച്ചുപോകേണ്ട ഒരു കാര്യവും കുരുടൻപാമ്പിന് ഇല്ല. എങ്കിലും ദുർബലമായ പ്രജനനരീതിയാണ് കുരുടൻപാമ്പ് അനുഷ്ഠിക്കുന്നത്. അലൈം ഗിക പ്രജനനം നടത്തുന്നതുകൊണ്ടാണ് കുരുടൻപാമ്പിന് അതിജീവനശക്തി കുറഞ്ഞി രിക്കുന്നത്. അതുകൊണ്ടാണ് ദൈവം ലൈംഗിക പ്രജനനരീതി ലോകംമുഴുവൻ കൊണ്ടു വന്നത്. അതുകൊണ്ടാണ് ക്ലോണിംഗ് പിറക്കുന്ന ജീവന് അതിജീവന ശക്തി കുറഞ്ഞിരി ക്കുന്നത്.

ദ്വിലിംഗ അവസ്ഥ ഒരു പരിപൂർണ്ണ അവസ്ഥയാണ്. അതുകൊണ്ട് പൂർണ്ണൻ എന്ന അർത്ഥത്തിൽ പുരുഷൻ തന്നെയാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത് എന്നർത്ഥം വരുന്നു. അങ്ങിന വരുമ്പോൾ ബൈബിളിൽ പറയുന്ന ദാർശിനികത തെറ്റാൻ വകയില്ല. ആണും പെണ്ണുമായി വിഭജിക്കപ്പെട്ടപ്പോൾ പുരുഷൻ എന്ന നാമം ഒരു അർദ്ധഭാഗത്തിന് ലഭിച്ചത്.

മുഴുവൻ ശരിയാണോ എന്നത് തർക്കവിഷയമാണ്. പുരുഷനിൽ നിന്നാണ് ആണും പെണ്ണും എന്ന ജീൻ നിശ്ചയിക്കപ്പെടുന്നത്. അതായത് പ്രാധാന്യം കല്പിക്കപ്പെട്ട ഘടകങ്ങൾ ആണിലേക്ക് മാറ്റപ്പെട്ടതാകാം  പൂർണ്ണത ആണിന് കൽപ്പിക്കപ്പെട്ടത്. എന്നാൽ അടിസ്ഥാനപരമായ പ്രായോഗിക കാര്യങ്ങളും ഘടകങ്ങളും സ്ത്രീയിലേക്ക് മാറ്റപ്പെട്ടു. അടിസ്ഥാനമില്ലാതെ ജീവന് നിലനിൽപ്പില്ലല്ലൊ. അടിസ്ഥാനപരമായ കാര്യങ്ങൾ എന്ന് ഉദ്ദേശിക്കുന്നത്. അണ്ഡം ഉല്പാദിപ്പിക്കുക ഭ്രൂണത്തിന് വളർച്ചക്ക് ആവശ്യമായ പോഷണം നൽകുക, ശരീരത്തിനുള്ളിൽ സംരക്ഷിച്ച് വളർത്തിക മുട്ടയിടുക പ്രസവിക്കുക, മുലയൂട്ടുക പരിരക്ഷിക്കുക എന്നിവയാണ്.  പുരുഷനിൽ അപൂർവ്വമായി ഒരുതരം അർദ്ധപ്രായോഗിക അവസ്ഥയിൽ അലൈംഗിക പ്രജനനം നടക്കുന്നുണ്ട് പുരാണങ്ങളിൽ ഇതിന്റെ സംഭവകഥകൾ വീക്ഷിക്കാനാവും അതിന് ഒരു ഉദാഹരണം ഇതാ. പുരുഷശരീരത്തിലെ തുടയിൽ ഒരു മുഴയുടെ രൂപത്തിലാണ് അയ്യപ്പസ്വാമിയുടെ ഭ്രൂണം ജനിച്ചത്. തുട കീറിയാണ് അയ്യപ്പസ്വാമിയെ എടുത്തത്. ശസ്ത്രക്രിയയുടെ അഭാവത്തിൽ അയ്യപ്പസ്വാമി ജനിക്കില്ലായിരുന്നു. ഇങ്ങനെ ഒരു അലൈംഗിക പ്രജനനം നടക്കുന്നു എന്നത് ആധുനിക ലോകത്ത് ആരും അത് തിരിച്ചറിയുന്നില്ല. കാരണം രോഗമാണ് എന്ന് തെറ്റിദ്ധരിച്ച് മുറിച്ചുമാറ്റുക മാത്രമാണ് ചെയ്യുന്നത്.

ദുർബലമായ ലൈംഗിക പ്രജനന രീതിയുണ്ട്. രക്തബന്ധപ്രജനരീതിയാണ് അത്. രക്തബന്ധമില്ലാത്ത പ്രജനരീതിയാണ് സങ്കരരീതി. വ്യത്യസ്ത മനുഷ്യവർഗ്ഗങ്ങൾ തമ്മിലുള്ള പ്രജനനരീതിയെ അതിസങ്കരരീതിയെന്ന് പറയുന്നു. ഈ രീതിയുടെ ഒരു ദൂഷ്യം മനുഷ്യവർഗ്ഗങ്ങൾ തമ്മിൽ സങ്കരം ചെയ്ത് നശിച്ചു പോകും എന്ന ഒരു ദൂഷ്യമാണ് കാണുന്നത്. ഇന്ത്യയിൽ അതിനെ അതിജീവിക്കാനാണ് വർണ്ണവിവേചനം ഉണ്ടായത് എന്ന് ചില ധാർശനികൾ പറയുന്നു. ഇന്ത്യൻ ജനതയുടെ ജീൻ പരിശോധിച്ചപ്പോൾ സങ്കര സ്വഭാവമുള്ള ജീനാണ്. ശുദ്ധമനുഷ്യവർഗ്ഗം ഇന്ത്യയിൽ ഇല്ല എന്ന് പറയാം. പ്രകൃതി ജന്തുക്കളിൽ പണ്ടേ ഉപേക്ഷിച്ച അലൈംഗിക പ്രജനനരീതി വിഢ്ഢിയായ മനുഷ്യൻ ഏറ്റെടുത്തിരിക്കുന്നു. അതിന് കോടാനുകോടി രൂപ ചിലവാക്കുന്നു. വ്യത്യസ്ത പുലർത്തുന്ന വളരെ അപൂർവ്വ സെല്ലുകളിൽ മാത്രം ക്ലോണിംഗ് വിജയിക്കും എന്ന് വിശ്വസിക്കപ്പെടുന്നു.  കുരുടൻ പാമ്പിൽ ദൈവം അലൈംഗിക പ്രജനനം കൊണ്ടുവന്നു അതിന്റെ പ്രജനനം നിയന്ത്രിക്കാനും പ്രകൃതിയിൽനിന്ന് അലൈംഗിക പ്രജനനരീതി അറ്റുപോകാതിരിക്കാനുമാണ് എന്ന് കരുതപ്പെടുന്നു. പ്രകൃതിയിൽ കൂടുതൽ സൗന്ദര്യമുണ്ടായത് ലൈംഗിക പ്രജനനം വന്ന തോടുകൂടിയാണ്. ആണും പെണ്ണും ഇണയും തുണയുമാകുന്നതിലാണ് ജീവിതത്തിന്റെ സൗന്ദര്യം പൂർണതയും. സ്ത്രീയും പുരുഷനും വിഭജിക്കപ്പെട്ടപ്പോൾ അൽപം പുരുഷത്വം സ്ത്രീയിലും, അൽപം സ്ത്രീത്വം പുരുഷനിലും നിക്ഷേപിക്കപ്പെട്ടു. അത് വലിയ ഗുണമായി തീർന്നു. പുരുഷനെ സ്ത്രീക്കും സ്ത്രീയെ പുരുഷനും അറിയുവാനുള്ള കഴിവുണ്ടായി. സ്ത്രീയിൽ 35% പുരുഷനുണ്ട്. പുരുഷനിൽ 35% സ്ത്രീയുമുണ്ട്. സ്ത്രീയിൽ 35% അധികം പുരുഷത്വം വരുന്നത് ശരിയല്ല. അതുപോലെ പുരുഷനിലും സ്ത്രീയിൽ 10% ത്തിലും താഴെ പുരുഷത്വം വരുന്നത് ശരിയല്ല. അതുപോലെ പുരുഷനിലും അലൈംഗിക പ്രജനനം സൂക്ഷ്മ ജീവികളിൽ ധാരാളം കാണുന്നു. അൽപം സങ്കീർണ്ണ ഘടനയുള്ള ജീവികളിൽ അലൈംഗിക പ്രജനനം അധികം കാണാറില്ല. എന്നാൽ മണ്ണിരയും ഒരു പ്രത്യേക രീതിയുള്ള അലൈംഗിക പ്രജന രീതിയാണ് കാണുന്നത്. മണ്ണിര രണ്ടായി മുറിഞ്ഞാൽ അത് രണ്ട് മണ്ണിരയായി മാറുന്നു. മണ്ണിരയിൽ ലൈംഗിക പ്രജനനരീതിതന്നെയാണ് കൂടുതൽ നടക്കുന്നത്.

# പും ബീജിത്തിൽ പ്രജയുണ്ടോ?

മൈക്രോസ്കോപ്പ് ആദ്യമായി കണ്ടുപിടിച്ച കാലഘട്ടത്തിലാണ് പുരുഷബീജത്തിൽ ചലനശേഷിയുള്ള സൂക്ഷ്മ ജീവികളെ കണ്ട ശാസ്ത്രജ്ഞൻ അതിൽ പ്രജയുണ്ടെന്ന് തെറ്റിദ്ധരിച്ചു. (പ്രജ എന്നാൽ സൂക്ഷ്മമനുഷ്യൻ). പിന്നീട് വളർന്ന് വലുതായ ശാസ്ത്രം ബീജത്തിലെ പ്രജസങ്കൽപത്തെ ഗണ്ണിച്ചു. അച്ഛന്റെയും അമ്മയുടെയും ക്രോമോസോമുകൾ കുട്ടിച്ചേർന്നാണ് പുതിയ മനുഷ്യ ജീവി ജനിക്കുന്നത്. പു. ബീജം വെറും വാഹാണുമാത്രമാണ്. മനുഷ്യന്റെ അർദ്ധ ക്രോമസോമുകളെ അണ്ഡത്തിൽ എത്തിച്ച്കൊടുക്കുക മാത്രമാണ് പു.ബീജ മെന്ന വാഹാണുവിന്റെ കടമ. തന്റെ കടമ നിർവ്വഹിച്ചതിന് ശേഷം വാഹാണു ചത്തുപോകുന്നു. അതിന്മുമ്പ് അതിന്റെ വാല് നഷ്ടപ്പെടുന്നു. അണ്ഡത്തിൽ മഞ്ഞക്കരുവിന്റെ രൂപത്തിൽ സംമൃതാഹാരവും മനുഷ്യന്റെ അർദ്ധ ക്രോമസോമും അടങ്ങിയിരിക്കും. ബീജസംയോഗത്തിനുശേഷം ബ്രൂണത്തിന് അൽപം വളരാൻ ഈ സമൃതാഹാരം സഹായിക്കും. അങ്ങിനെയാണ് ഗർഭപാത്രത്തിൽ പറ്റിപ്പിടിച്ച് വളരുന്നത്. ചില ആത്മവാതികൾ പുംബിജത്തിൽ ആത്മാവിനെ ആരോപ്പിക്കുന്നുണ്ട്. അതായത് ഞാൻ ആദ്യം പുംബീജിമായിരുന്നു എന്ന് പറയുന്നവർ ഒറ്റ ബീജം മാത്രം അണ്ഡത്തിൽ പ്രവേശിക്കുന്നതുകൊണ്ട് പഴയ കാലത്ത് ബീജത്തിൽ പ്രജനസങ്കൽപത്തിന് അത് ശക്തികൂട്ടി. തള്ളിപ്പോയ പ്രജാസങ്കൽപ്പം ഇന്ന് പലരും പലരെയും തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. മത്സരം എന്ന ത്വാത്വിക സങ്കൽപ്പം കൂട്ടിക്കലർത്തി പ്രജസങ്കപ്പത്തെ പ്രജരിപ്പിക്കുന്നവരാണ് അധികവും. ജനിതക വൈകല്യമുള്ള ക്രോമോസോമിനെ വഹിക്കാൻ കഴിവുള്ള ഒരു പുംബീജത്തിന് കഴിയും.

# മൊബൈൽ കിളി

വിശന്ന് വലഞ്ഞോരു പരുന്ത് അപ്പോഴിതാ താഴെ ഒരു മനുഷ്യൻ മൊബൈൽ കിളിയെ പിച്ചിക്കൊന്ന് കവിളിന്റെ വശത്ത്വച്ച് ചവച്ച് അരച്ച് തിന്നുന്നു. മനുഷ്യൻ യഥാർത്ഥത്തിൽ മൊബൈൽ ഹോൾഡ് ചെയ്ത് ചുണ്ടിന്റെ വശത്തുള്ള കവിളിൽ അമർത്തിപ്പിടിച്ച് സംസാരിക്കുകയാണ്. അതാണ് പരുന്തിനെ ഇങ്ങനെ ചിന്തിപ്പിക്കുന്നത്. അമ്പടാ ഇപ്പോൾ മനുഷ്യരുടെ തീറ്റ മൊബൈൽ കിളിയാണ് അല്ലേ. നീ അങ്ങിനെ സുഖിച്ച്തിന്നണ്ട. പരുന്തിന്റെ വിചാരം. പരുന്ത് പറന്ന് വന്ന് മൊബൈൽ റാഞ്ചുന്നു. റാഞ്ചി കെട്ടിടത്തിന്റെ മുകളിൽ കൊണ്ടുവയ്ക്കുന്നു. മൊബൈൽ തിന്നാൻ ശ്രമം നടത്തുന്നു. അപ്പോഴിതാ കെട്ടിടത്തിന്റെ മുകളിൽ മനുഷ്യരുടെ ശല്യം. അപ്പോൾ പരുന്തിന് മനസ്സിലായി എന്തോ തിന്നാൻ പറ്റിയ സാധനംതന്നെ മൊബൈൽ. വന്നവരെ പരുന്ത് ആക്രമിക്കുന്നു. മൊബൈൽ പരുന്തിന്റെ കയ്യിൽനിന്ന് കിട്ടുകയില്ല എന്ന് മനസ്സിലായി. അപ്പോൾ ഒരാൾ ഒരു സൂത്രം ചെയ്തു. പരുന്ത് റാഞ്ചിയ മൊബൈലിലേക്ക് റിങ്ങ് ചെയ്തു. മൊബൈൽ ശബ്ദം അടുത്ത് കേട്ടപ്പോൾ ഈ കിളി ഇപ്പോഴും ചത്തില്ലേ എന്ന് പരുന്ത് വിചാരിച്ചു. മൊബൈൽ ശബ്ദം അടുത്ത് കേട്ടപ്പോൾ എന്തോ പന്തികേട് തോന്നി പരുന്ത് മൊബൈൽ ഉപേക്ഷിച്ച് പറന്ന് പോകുന്നു. യഥാർത്ഥത്തിൽ പരുന്ത് ഇത്രമാത്രം ചിന്തിക്കുന്നുള്ളൂ. മനുഷ്യൻ തിന്നുന്ന കിളിലെ അടിച്ചെടുക്കുക. കുട്ടിയുടെ കയ്യിൽനിന്നും ആഹാരം റാഞ്ചിയ കഥ എനിക്കറിയാം.

## ദൈവകണം ഒന്നാം ഭാഗം

ഒരുപാട് ദാർശനിക പൊരുത്തക്കേട് ഉണ്ടാക്കുന്നതാണ് ദൈവകണം കണ്ടെത്തി എന്നുള്ള പ്രഖ്യാപനം. മഹാവിസ്ഫോടനത്തിന്റെ സാഹചര്യം നാടകീയമായി ഉണ്ടാക്കിയതിന്റെ ഫലമാണ് ദൈവകണത്തിന്റെ കണ്ടെത്തൽ. ശരിയായിട്ടുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയില്ല എന്ന് അവർക്ക് അറിയാം. അതുകൊണ്ടാണ് നാടകീയമായി എന്ന് പ്രത്യേകം പറയുവാൻ കാരണം. മഹാവിസ്ഫോടനത്തിന്റെ സാഹചര്യം.

യഥാർത്ഥത്തിലുണ്ടായാൽ ഉണ്ടാകുന്ന ഫലം നമ്മുടെ സൗരയൂഥവും, ആകാശ ഗംഗയും ഒന്നിച്ച് പൊട്ടിത്തെറിക്കും. ഇത് നാടകീയമല്ലെ? ശരിക്കും നടക്കുകയാണെങ്കിൽ പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗമായിരിക്കും പൊട്ടിത്തെറിക്കുക. വിഡ്ഢികളായ ശാസ്ത്രജ്ഞന്മാർ അത് മറന്നുപോയോ എന്ന ആശങ്ക മാത്രം അവശേഷിക്കുന്നു. പ്രകാശിക കണങ്ങൾക്ക് അതായത് ഫോട്ടോണുകൾക്ക് മാസ് ഇല്ലാത്തതുകൊണ്ട് അവർക്ക് പരസ്പരം കൂട്ടിമുട്ടാൻ കഴിയുന്നില്ല. അതായത് ഫോട്ടോൺ ഒരു മായകണമാണ്. മുമ്പ് പല ശാസ്ത്രജ്ഞന്മാർ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വസ്തുകൾക്ക് പിണ്ഡം നൽകുന്ന കണങ്ങളെ കണ്ടെത്താനുള്ള പരിശ്രമം ആരംഭിച്ചു. 300 കോടി യൂറോ ചിലവ് ചെയ്ത് ഒരു പരീക്ഷണാലയം നിർമ്മിച്ചു. വർഷങ്ങൾ നീണ്ട പരിശ്രമം ചെയ്തുവെങ്കിലും ദൈവകണത്തിൽ വിന്ന് ദൈവം പുറത്ത് ചാടിയില്ല. ദൈവം പുറത്ത് ചാടിയാൽ പ്രപഞ്ചരഹസ്യങ്ങളുടെ ചുരുൾ അഴിയുമെന്ന് അവർ കരുതി. പക്ഷെ, അത് ഉണ്ടായില്ല.

ദൈവകണത്തിൽ ദൈവം ഇല്ല എന്ന് അവർ കണ്ടെത്തി. സ്റ്റീഫൻ ഹോക്കിൻസിണ തലവേദനയുണ്ടാക്കിയ ചോദ്യം ഇതായിരുന്നു. പ്രകാശത്തിലെ മാസ് ഇല്ലാത്ത കണങ്ങളെ തമോഗർത്തങ്ങൾ ആകർഷിക്കുന്നത് എന്തുകൊണ്ടാണ് എന്ന് ശാസ്ത്ര ലോകത്തിന് മനസ്സിലായിട്ടില്ല. ദൈവകണത്തെ കണ്ടെത്തിയാൽ തമോഗർത്തങ്ങളെ കുറിച്ചുള്ള ചുരുൾ അഴിയും എന്ന് അവർ വിശ്വസിച്ചു. ദൈവകണത്തിന്റെ പ്രഖ്യാപനം കൊണ്ടും അതുമുണ്ടായില്ല. ദൈവകണത്തെ കണ്ടെത്താൻ കഴിയില്ല എന്ന് സ്റ്റീഫൻ ഹോക്കിൻസ് വാതുവെപ്പ് നടത്തിയെത്രേ. അപ്പോൾ ഞാൻ പറഞ്ഞു; “സ്റ്റീഫൻ ഹോക്കിൻസിന് എന്നാണാവോ ബോധോദയം ഉണ്ടായത് മാസ് ഇല്ലാത്ത പ്രകാശിക കണങ്ങളെ ഇലക്ട്രോണുകൾക്ക് തള്ളിവിടാൻ എങ്ങിനെ കഴിയുന്നു എന്ന ചോദ്യങ്ങൾക്ക് ഉത്തരമില്ലാതെ അവശേഷിക്കുന്നു. ഇങ്ങനെ അനേകം പൊരുത്തക്കേടുകൾ ആരെയും വിസ്മയിപ്പിക്കും. പ്രകാശിക കണമായ ഫോട്ടോൺ ഒരു ഊർജ്ജകണമാണ്. അതിന് മാസ് ഇല്ല എന്ന് വാദിക്കുന്നു. ഈ ഊർജ്ജകണത്തിന് വ്യാപരിക്കാൻ എന്തിനാണ് ഒരു മാധ്യമം എന്ന് നിങ്ങൾ ഒരുപക്ഷെ, ചിന്തിച്ചിരിക്കാം. ദാർശിനിക പൊരുത്തക്കേട് ഒഴിവാക്കാൻ വേണ്ടിയാണ് മാദ്ധ്യമം വേണം എന്ന ആശയത്തിലേക്ക് വരുന്നത്. പ്രകാശത്തിന് മാധ്യമം ഇല്ല എന്നു പറയുമ്പോൾ ഇലക്ട്രോമാഗനറ്റിക് ഫീൽഡ് എന്ന മാധ്യമം അതിൽ കടന്നുകൂടി. പ്രകാശത്തിന് മാധ്യമം വേണ്ട എന്ന് ഒരുവശത്ത് പഠിപ്പിക്കുമ്പോൾ മറ്റൊരു വശത്ത് മാധ്യമം വേണം എന്ന് പഠിപ്പിക്കുന്നു. ഇപ്പോൾ ഇലക്ട്രോമാഗനറ്റിക് ഫീൽഡ് എല്ലാം ഉപേക്ഷിച്ച് ഹിഗ്ഗ്സ് ഫീൽഡിലേക്കാണ് ആധുനിക ശാസ്ത്രത്തിന്റെ പോക്ക്. പഴയ ഈഥർ സങ്കല്പത്തിന് പുതിയ പേര് ഹിഗ്ഗ്സ് ഫീൽഡ് . ഭൗതിക ശാസ്ത്ര വിദ്യാർത്ഥി കൺഫ്യൂഷനാകാൻ മറ്റു വല്ലതും വേണോ? മാസ് ഇല്ലാത്ത് പ്രകാശകണങ്ങളെ തമോഗർത്തങ്ങൾ ആകർഷിക്കുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ ഗൂഗിൾ അത് ക്ലാസ്സിക്കലായി പറയാൻ കഴിയില്ല എന്ന് പറയും. അതിൽനിന്ന് എന്ത് അനുമാനിക്കാം. പണ്ട് ഗലീലിയോയെ തലതിരിഞ്ഞ ആത്മീയത

അപമാനിച്ചതുകൊണ്ട് ഇന്ന് സാധാരണ ജനത്തിന് ആഭിചാരശാസ്ത്രത്തെ (ആഭിചാരം=വഴിതെറ്റിക്കൽ) തള്ളിപറയാൻ ധൈര്യമില്ല.

ആധുനിക ശാസ്ത്രത്തിന്റെ ഹിഗ്ഗ്സ് മീഡിയം എന്ന സങ്കൽപകത്തിനും വേദ ദാർശിനികമായ മീഡിയവും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ട്. വേദ ദാർശിക മീഡിയത്തിൽ സ്പന്ദമാണ് മീഡിയത്തിൽ വ്യാപരിക്കുന്നത്. അങ്ങനെ പറയുമ്പോൾ ദാർശിനികതയുടെ യുക്തി അവിടെ പൂർണ്ണമാകുന്നു. പിന്നീട് അവിടെ ഒരു ചോദ്യം അവശേഷിക്കുന്നില്ല. എന്നാൽ ആധുനികശാസ്ത്രത്തിന്റെ മീഡിയം എന്ന സങ്കല്പം എളുപ്പം മനസ്സിലാക്കുന്ന തരത്തിൽ പറയുകയാണെങ്കിൽ തല തിരിയും. എങ്കിലും കാര്യം ഗ്രഹിക്കാം. നമുക്ക് നടക്കാനോ ഓടാനോ ഒരു മീഡിയം ആവശ്യമാണ്. അത് ഭൂമിയാണ്. പക്ഷിക്ക് പറക്കാൻ ഒരു മീഡിയം ആവശ്യമാണ്. അത് വായുവാണ്. വായുശൂന്യമായ സ്ഥലത്ത് ഒരു വസ്തുവിനും പറക്കാൻ കഴിയില്ല എന്ന് 1930 വരെ വിശ്വസിച്ചിരുന്നു. ആ കാലഘട്ടത്തിലാണ് ആധുനിക ശാസ്ത്രത്തിന്റെ ദാർശനിക അടിത്തറ രൂപപ്പെടുന്നത്. റോക്കറ്റ് എൻജിൻ കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണ് ഈ വിശ്വാസത്തെ തിരുത്തിയത്. അതിനുമുമ്പ് ഈ ശാസ്ത്രജ്ഞനെ ഭ്രാന്തൻ എന്നാണ് ഈ ലോകം വിളിച്ചിരുന്നത്. അതുപോലെ ഹിഗ്ഗ്സ് മണ്ഡലത്തിൽ ദൈവകണത്തിന് വ്യാപരിക്കാൻ ഒരു മീഡിയം ആവശ്യമാണ്. ഇങ്ങനെ ഒരാശയം ഒരു ക്ലാസ്സിക് ഭാവനയുണ്ടാക്കുമെങ്കിലും കൂടുതൽ ചിന്തിച്ചുപോയാൽ അപ്പർ ക്ലാസ്സിക് ഭാവനകളിൽ ചെന്നെത്തും. അത് യുക്തിക്ക് നിരക്കാത്തതുമായിരിക്കും. ദൈവകണത്തിൽ നിന്ന് ദൈവം പുറത്ത് ചാടുവാൻ ഇടയില്ല. പക്ഷെ, ദൈവം ദൈവകണത്തിലേക്ക് എടുത്തുചാടുവാൻ ഇടയുണ്ട്. അങ്ങിനെയുണ്ടായാൽ ദൈവകമം ഒരു തോന്നൽ മാത്രമായി അവശേഷിക്കും. ഹിഗ്സ് ഫീൽഡിലെ ഊർജ്ജസ്പന്ദനങ്ങളാണ് എല്ലാ രശ്മികളും എന്ന വെളിപാട് ലഭിക്കും. ഇലക്ട്രോമാഗനറ്റിക് ഫീൽഡ് എന്ന ചാർട്ട് ഉണ്ടാക്കിയ ശാസ്ത്രജ്ഞൻ ഒരിയ്ക്കലും പ്രകാശത്തിൽ കണങ്ങൾ ഉള്ളതായി പറഞ്ഞിട്ടില്ല. ക്വാഡം മക്കാനിസം കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ ആയിരുന്നു. ഇലക്ട്രോമാഗനറ്റിക്ക് ഫീൽഡിൽ കണങ്ങളെ ചേർത്ത കണിക സിദ്ധാന്തത്തിന് അടിത്തറ കൊടുത്തത്.

$E=MC^2$ എന്ന ഗണിത സമീകരണമാണ്. ഹിഗ്ഗ്സ് ഫീൽഡിൽ വളരെ ദൂരം സഞ്ചരിക്കുന്ന കണമാണോ ദൈവകണം എന്ന് സേണിലെ ശാസ്ത്രജ്ഞന്മാർ വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ട് അവയെകുറിച്ച് കൂടുതൽ പറയുക സാധ്യമല്ല. പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഹിഗ്ഗ്സ് മണ്ഡലം അവിടെയാണ് അവിടെയാണ് ദൈവകണത്തിന്റെ അസ്ഥിത്വം. അതായത് ഹിഗ്ഗ്സ് മണ്ഡലത്തിലെ തിങ്ങിനിറഞ്ഞ ഊർജ്ജകണമാണ് ദൈവകണം. ഇത് ഏകദേശം 80% വരുന്നു എന്ന് അവർ പറയുന്നു. ഇതിന് ഡാർക്ക് എനർജി എന്നും പേരുകൾ ഉണ്ട്. പ്രപഞ്ചസൃഷ്ടിക്ക് മുമ്പ് ഡാർക്ക് എനർജി ഏകദേശം 100 ശതമാനം വന്നിരുന്നു. ദൈവകണം ഉണ്ടായപ്പോൾ ആണ് മഹാവിസ്ഫോടനം ഉണ്ടായത്. എന്ന് അവർ പറയുന്നു. കണിക സിദ്ധാന്തങ്ങൾ ഒഴിവാക്കാതെ തന്നെയാണ് ചില പ്രാഥമിക നിഗമനങ്ങളിൽ ചെന്ന് എത്തുന്നത്. എങ്കിലും അവ പരസ്പരം പൊരുത്തപ്പെടുന്നില്ല. ഒരു വലിയ വസ്തുവിനെയും ചെറിയ വസ്തുവിനെയും താരതമ്യപ്പെടുത്തി ചെറിയ വസ്തുവിന് വലിയതിനെ അപേക്ഷിച്ച് ഭാരം കുറവാണെന്ന് പറയാം. പക്ഷെ ചെറിയ വസ്തുവിനെയും നിർമ്മിച്ചിരിക്കുന്നത് അതിനേക്കാൾ ചെറിയ വസ്തുക്കൾ കൊണ്ടാണല്ലോ. അതുകൊണ്ട് ഏത് മാനം കൊണ്ട് അളന്നാലും ഭാരം കൂടുതൽ കുറവ് എന്നീ അവസ്ഥകൾ ഉണ്ടാകും. അതുകൊണ്ട് ഭാരം കുറവ് കൂടുതൽ എന്നു പറയുന്നത് ആക്ഷേപമാണ്. യഥാർത്ഥ ഊർജ്ജകണം ദൈവകണമാണെന്ന് എന്ന് എങ്ങിനെയാണ് പറയുക. പ്രോട്ടോണിൽ നിന്നാണ്

ഹിഗ്ഗ്സ് കണം വേർപ്പെട്ടത്. അപ്പോൾ എങ്ങിനെയാണ് പ്രോട്ടോണിനേക്കാൾ ഭാരം ഹിഗ്ഗ്സ് കണത്തിന് കിട്ടുന്നത്. ഇങ്ങനെ പൊരുത്തക്കേട് നിറഞ്ഞതാണ് ദൈവകണം എന്ന കണ്ടെത്തൽ.

വേറെ ദാർശനികതയിലെ ആപേക്ഷിതയാണ് ഞാൻ നേരത്തെ പറഞ്ഞത്. ആധുനിക ശാസ്ത്രത്തിന്റെ ആപേക്ഷികത ഐൻസ്റ്റൻ രൂപപ്പെടുത്തിയതാണ്. അത് ഐൻസ്റ്റൻ മാത്രം അവകാശപ്പെട്ടതും ആണ്. പക്ഷെ, അത് അപ്പർ ക്ലാസ്സിക് ആശയമാണ്. വേദദാർശനികതയിലെ ആപേക്ഷികത ക്ലാസ്സിക്കൽ ആണ്. ഒരു പ്രത്യേക കണത്തിന് പ്രമുഖ വ്യക്തിത്വം എങ്ങനെ ലഭിക്കും എന്നും അതിനെ ഉണ്ടാക്കിയിരിക്കുന്ന അടിസ്ഥാനകണത്തെ കുറിച്ച് ഒന്നും ആധുനിക ശാസ്ത്രം പറയുന്നില്ല. പ്രോട്ടോണുകളെ പ്രകാശവേഗത്തിൽ പായിച്ച് കൂട്ടിയിടിപ്പിക്കുന്നു. കൂട്ടിയിടിയിലൂടെ പ്രോട്ടോണുകൾക്കുള്ളിലെ ക്വാർക്കുകളും ഗ്ലൂവോണുകളും വേർപ്പെട്ടതോടെ ഹിഗ്സ് കണത്തെ കണ്ടെത്താം. എന്നാൽ സെക്കന്റിന്റെ പതിനായിരക്കണക്കിന് കോടി അംശത്തിനുള്ളിൽ അത് മറ്റു രൂപങ്ങളായി മാറും. ഇതുവരെ ആറ്റത്തെ ഇലക്ട്രോമൈസ്ക്രോപ്പിനുപോലും കാണിക്കാൻ സാധിക്കാത്ത അത്രയും സൂക്ഷ്മമാണ് ആറ്റം. സ്പെക്ക്ട്രോ മീറ്റർ പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ചാണ് പുതിയ പദാർത്ഥങ്ങളെ കണ്ടെത്തുന്നത്. ഓരോ വസ്തുവിനും ഓരോ വർണ്ണരാജിയായിരിക്കും. വർണ്ണരാജി എന്നു പറയുമ്പോൾ പ്രകാശത്തിന്റെ മാത്രമുള്ള വർണ്ണരാജിയല്ല. കാണാൻ കഴിയാത്ത വർണ്ണരാജികൾ ഉണ്ട്. അത്തരം വർണ്ണരാജികളെ കണികയുടെ ഫ്രീക്വൻസിയായി കണക്കാക്കുകയാണ് ചെയ്യുന്നത്. അതായത് particle frequency detectors എന്ന പേരിലാണ് അവ അറിയപ്പെടുന്നത്. ആറ്റത്തെയും ഘടകങ്ങളെയും കാണുകയല്ല ചെയ്യുന്നത്. അനുമാനിക്കുകയാണ് ചെയ്യുന്നത്.

യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് ദൈവത്തിന് മാത്രം അറിയാം. പത്രത്തിൽ ദൈവകണത്തെ കുറിച്ചുള്ള ചിത്രം ചിത്രകാരന്റെ ഭാവന മാത്രമാണ്. ചിത്രകാരന്റെ ഭാവന എന്ന് ചിത്രത്തിന്റെ അടിയിൽ സൂചിപ്പിച്ചിരുന്നില്ല. അതാണ് സേൺ ചെയ്തത്. ഏറ്റവും വലിയ അപരാധം. ഹിഗ്ഗ്സ് കണത്തിന്റെ മാറ്റം താല്കലികമാണ്. അതുകൊണ്ടാണ് അത് മറ്റു രൂപങ്ങളായി മാറും എന്നു നാം പറയുന്നത്. അങ്ങിനെ സംഭവിച്ചാൽ കൃത്രിമ മൂലകങ്ങൾ സൃഷ്ടിക്കാം. വേർപ്പെടുന്ന കണങ്ങളെ അരിച്ച് മാറ്റി വേറെ മൂലകങ്ങൽ നിർമ്മിക്കാം. വേറെ വസ്തുക്കളുമായി സംയോജിപ്പിക്കുകയും പുതിയ സംയുക്തങ്ങൽ ഉണ്ടാക്കുകയും ചെയ്യാം. പക്ഷെ, അതിനുള്ള സംവിധാനം ഇതുവരെ സാധ്യമായിട്ടില്ല. പുതിയ മൂലകങ്ങൾ ഉണ്ടാക്കിയാൽ തന്നെ അവക്ക് സ്ഥിരത കുറവായിരിക്കും. കാരണം കോടനുകോടി ഊഷ്മാവിലാണ് പുതിയ മൂലകങ്ങൾക്ക് സൃഷ്ടിയുണ്ടാവുകയുള്ളൂ.

ന്യൂട്രിനോകളെ ഉപയോഗിച്ച് ഊർജ്ജം ഉല്പാദിപ്പിക്കാൻ ശാസ്ത്രലോകം ഒരുപാട് പരീക്ഷണങ്ങൾ നടത്തികൊണ്ട് ഇരിക്കുന്നു. സത്യം ഇതുവരെ പുറത്തു വന്നിട്ടില്ല. നാം ഇതിനെല്ലാം ഉത്തരമുണ്ടാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇതിനൊന്നും ഉത്തരം കണ്ടുപിടിക്കാതെയാണ് 99.99% ദൈവകണത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തി എന്നുള്ള അവകാശവാദം ഉന്നയിച്ചിരിക്കുന്നത്. ഇത് ഉന്നയിക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്. വ്യർത്ഥമായ പരീക്ഷണങ്ങൾനടത്തി സമയവും ധനനഷ്ടവും ഉണ്ടാക്കുന്നത് ജനങ്ങളും ഭരണാധികാരികളും അറിഞ്ഞാൽ  ശാസ്ത്രജ്ഞന്മാർ കൂലിപണിക്ക് ഇറങ്ങേണ്ടി വരും. അതുണ്ടാകാതിരിക്കാനാണ് ഈ പ്രഖ്യാപനം. വെള്ളിയാഴ്ച മനോരമയിൽ കാഴ്ചപാട് പേജിൽ സി. രാധാകൃഷ്ണന്റെ ലേഖനം അതിമനോഹരമായിരുന്നു. കാരണം ഹിഗ്ഗ്സിനെ ഒരു മണ്ഡലമായും ഊർജ്ജത്തെ മിടിപ്പുകളായും അതായത് തരംഗ സ്പന്ദമായും കണക്കാക്കി

യാൽ പ്രശ്നം തീർന്നു. അതോടുകൂടി പ്രപഞ്ച രഹസ്യങ്ങളുടെ ചുരുൾ അഴിയുമെന്ന് സി. രാധാകൃഷ്ണൻ വിശ്വസിക്കുന്നു. അതിനുള്ള ആലോചന ലോകത്തിനു മുമ്പിൽ വച്ചിട്ടുണ്ട് എന്ന ആത്മവിശ്വാസത്തോടുകൂടി പറയുന്നു. 2001 ൽ എൽ ഇ പി യിൽ നിന്നുള്ള ആദ്യപ്രഖ്യാപനങ്ങൾ പുറത്തുവന്നു. എന്നാൽ പൂർണ്ണമായും ശരിയല്ല എന്ന് പിന്നീട് തെളിഞ്ഞു. പ്രകാശത്തിനേക്കാൾ വേഗതയിൽ ന്യൂട്രോണുകൾ സഞ്ചരിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നു. വീണ്ടും ആറ് മാസം കഴിയുമ്പോൾ അത് തെറ്റാണ് എന്ന പ്രക്യാപനം പുറത്തുവന്നു. അപ്പോൾ ഞാൻ പറഞ്ഞു സേണിലെ ശാസ്ത്രജ്ഞന്മാർക്ക് ഭ്രാന്ത് പിടിച്ചോ?

അവസാനം ഒരു കാര്യം പറയട്ടെ, ദൈവകണത്തെ കുറിച്ചു സേൺ പുറത്ത് വിട്ട കാര്യങ്ങൾ വായിച്ചിട്ട് എനിക്കൊന്നും മനസ്സിലായില്ല. ഒരാൾക്കും മനസ്സിലാവാത്ത കാര്യങ്ങൾ പറയുന്നതാണ് കൂടുതൽ ജനപ്രിയം. അംഗീകൃതമായ ഒരു പ്രസ്ഥാനം പറയുമ്പോൾ കൂടുതൽ കൂടുതൽ ജനപിയമാകുന്നു. അതാണ് ഇന്ന് ലോകത്തിന് സംഭവിച്ചിരിക്കുന്നത്. സേണിലെ പരീക്ഷണം പൂർത്തിയാക്കാൻ നിരീശ്വരവാദികളായ അനേകം കോടിശ്വരന്മാർ യൂറോപ്പിൽ ഉണ്ട്. ഈ പ്രഖ്യാപനം കൊണ്ട് സേണിന് കിട്ടുന്ന ധനലാഭം വളരെ വലുതാണ്. ഒരാൾ എന്നോടു പറഞ്ഞു; ഞാൻ ദൈവകണത്തെ കുറിച്ച് വായിച്ചു. വ്യക്തമായി ഒന്നും മനസ്സിലായില്ല. നമുക്ക് മനസ്സിലാവാത്ത കാര്യങ്ങൾ അവർക്ക് മനസ്സിലാവുന്നുണ്ടല്ലോ ആ ശാസ്ത്രജ്ഞൻമാരെ സമ്മതിക്കണം. അപ്പോൾ ഞാൻ പറഞ്ഞു. അവർക്ക് മനസ്സിലായി എന്ന് നിന്നോട് ആരാണ് പറഞ്ഞത്? അല്പം കൂടി ക്ഷമിക്കൂ. നിനക്ക് മനസ്സിലാവുന്ന ഭാഷയിൽ പ്രപഞ്ചരഹസ്യങ്ങൾ അനാവരണം ചെയ്യപ്പെടും. ലോകം മായയുടെ പിടിയിൽ അമർന്ന് ഇരിക്കുകയാണെങ്കിൽ ഒരുപക്ഷെ, അത് സംഭവിച്ചിട്ടില്ല എന്നുവരാം. കാരണം ലോകം മുഴുവൻ പാശ്ചാത്യമേധാവിത്വം ശക്തിയായി നിലനിൽക്കുന്നത് കൊണ്ട് സത്യം അധികം പേർ അറിഞ്ഞില്ല എന്നും വരാം. ആത്മീയതയെ വെല്ലുവിളിച്ച് ആധുനിക ശാസ്ത്രം എവിടെവരെ എത്തുമെന്ന് നമുക്ക് കാണാം. പല ഇന്ത്യൻ ദാർശനികരും പറയുന്നു; 10 വർഷം കഴിയുമ്പോൾ ശാസ്ത്രജ്ഞന്മാർ വേദഭാഷ്യയിൽ സംസാരിക്കാൻ തുടങ്ങും അങ്ങിനെ സംഭവിച്ചാൽ അത് അത്ഭുതമായിരിക്കും എന്ന് ഞാൻ പറഞ്ഞു.

## ദൈവകണം രണ്ടാംഭാഗം

മാതൃഭൂമി ആഴ്ചപതിപ്പിൽ ജീവൻ ജോസ് തോമസ് എഴുതിയ രസകരമായ ഭാഗം ഈ ലേഖനത്തിൽ ഞാൻ ഉൾകൊള്ളിക്കുന്നു. ദൈവകണത്തെ കണ്ടെത്തി എന്ന വാർത്ത വന്നതിന്റെ പിറ്റേന്ന് രാത്രിയിൽ ഉറക്കത്തിനിടെ ഒരു ഫോൺകോൾ. ഞെട്ടി എഴുന്നേറ്റു ഫോൺ എടുത്തപ്പോൾ അങ്ങേ തലയ്ക്കേ വളരെ അടുത്തൊരു സുഹൃത്ത് സമയം 1.30. ഒരു അത്യാവശ്യ സംശയം തീർക്കണം. അതാണ് നിന്നെ നല്ല ഉറക്കത്തിൽ വിളിച്ച് ശല്ല്യപ്പെടുത്തത്. അവന്റെ ശബ്ദം കേട്ടാലറിയാം. ആള് നല്ല വെള്ളത്തിലാണ്. അതേ എങ്ങിനെ മദ്യപിക്കാതിരിക്കും. ഈ മാതിരി ഓരോ കാര്യങ്ങൾ കേൾക്കുമ്പോൾ. അവൻ ആകെ അസ്വസ്ഥനാണ്. എന്താണ് കാര്യം. ഒരു കാര്യം അറിഞ്ഞോ? ഹിഗ്ഗ്സ് ബോസോൺ കണ്ടെത്തിയല്ലോ. അത് ദൈവകണമാണ് എന്ന് പറയുന്നു. ഒക്കെ ശരി.എന്റെ ചോദ്യം ഇതാണ്. ഈ ഹിഗ്ഗ്സ് ബോസോൺ എന്തുകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത് എന്ന് ഈ ശാസ്ത്രജ്ഞർക്ക് കണ്ടുപിടിക്കാൻ പറ്റിയിട്ടുണ്ടോ? അപ്പോൾ ഞാൻ മറുപടി കൊടുത്തു. ഇല്ല. ഇപ്പോൾ ഹിഗ്ഗ്സ് ബോസോൺ നിലനിൽക്കുന്നുണ്ട് എന്നതിന്റെ തെളിവ് മാത്രമേ കിട്ടിയിട്ടുള്ളൂ എന്നാണ് സേണിലി ശാസ്ത്രജ്ഞൻ പറയുന്നത്. ഓകെ അതുമതി. ഇനിയും മനസ്സിലാകാത്ത ഒരുപാട് സത്യങ്ങൾ നമുക്ക് മുന്നിൽ ബാക്കിയുണ്ട്. അതുകൊണ്ട് ദൈവം

ബാക്കിയില്ല എന്നൊന്നും ഒരുത്തനും ഇവിടെ പറഞ്ഞ് നടക്കണ്ട. ഇനി നീ സുഖമായി കിടന്നുറങ്ങിക്കോ. ദൈവകണം എന്ന പേര് വിചിത്രമായ ഒരു അസ്വസ്ഥതയാണ് സാധാരണക്കാർക്കിടയിൽ ഉണ്ടായിരിക്കുന്നത്. സേൺ ലാബിൽ ഹിഗ്ഗ്സ് ബോസോൺ അന്വേഷിച്ചുള്ള പരീക്ഷണം ആരംഭിക്കുന്ന സമയത്ത് തന്നെ ഇത് ദൈവത്തെ അന്വേഷിക്കുന്നതാണോ എന്ന ചോദ്യം പലഭാഗങ്ങളിൽനിന്നും ഉയർന്നിരുന്നു. ഒരു കണികയോളം പോന്നതാണോ ദൈവമെന്നോ ആ കണികയുടെ കണ്ടെത്തലോടെ ദൈവമെന്ന് സങ്കൽപത്തിൽ ഭൗതിക സ്വത്വം കണ്ടെത്തുമെന്നോ അങ്ങിനെ ഒരു ഭൗതിക സ്വത്വം വെളിവാക്കപ്പെട്ടാൽ പിന്നീട് മനുഷ്യൻ കാലാകാലങ്ങളായി കൊണ്ടുനടക്കുന്ന ഈ മാനസിക ഭാവത്തിന് പഴയ മട്ടിലുള്ള നിലനിൽപ്പ് സാധ്യമാവില്ല എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ. ദൈവത്തിന്റെ നിലനിൽപ്പിനെപ്പറ്റി വളരെ സൈദ്ധാന്തികമായി അറിവുള്ളവർക്ക് ഈ ആധുനിക ലോകത്തിൽ ദൈവം ഒരു സങ്കൽപം മാത്രമല്ല എന്നും അത് ഒരു ഉപകണത്തിനും വെളിപ്പെടുത്താൻ കഴിയാത്തതാണെന്ന് എന്നും ആ പ്രപഞ്ചശക്തിയുടെ പ്രതീരൂപമാണ് നാം എന്ന് തിരിച്ചറിവ് സൈദ്ധാന്തികമായി അറിവുള്ളവർക്ക് ഉണ്ടാകുന്നു. ബൈബിളിൽ ഇത് വ്യക്തമായി പറയുന്നു. ഉൽപത്തി 1:26 പറയുന്നു: ദൈവം വീണ്ടും അരുളിചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക് കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽകാലികളുടേയും ഭൂമിമുഴുവന്റേയും ഭൂമിയിൽ ഇഴുന്ന സർവ്വ ജീവജാലകങ്ങളെത്രയും ആധിപത്യം ഉണ്ടായിരിക്കട്ടെ. അങ്ങനെ ദൈവം തന്റെ ഛായയിൽ അവിടന്ന് അവനെ സൃഷ്ടിച്ചു. ദൈവത്തെപ്പോലെ മനനം ചെയ്യുവാൻ കഴിയുന്നവൻ എന്ന അർത്ഥത്തിലാണ് മനുഷ്യൻ വാക്ക് ഉണ്ടായത്. അതുകൊണ്ട് ദൈവം എന്ന അവസ്ഥയെ ദാർശനിക മനനംകൊണ്ട് മാത്രം സാധ്യമായ ഒന്നാണ് എന്ന് മനസ്സിലാകുന്ന വ്യക്തികൾ ഒരു പക്ഷെ അത്തരം പ്രശ്നങ്ങൾ അനുഭവിക്കുന്നില്ലായിരിക്കാം. അവർ ഇത്തരം കാര്യങ്ങൾ കേട്ടാൽതന്നെ മനസ്സിൽ ഒന്ന് ഊറിച്ചിരിക്കും. ഇത്തരം ആശയങ്ങളുടെ പൊള്ളത്തരം അവർ യുക്തികൊണ്ട് വിലയിരുത്തും. അല്ലാത്തവർ മൗനം ഭചിക്കും. ഈ സങ്കൽപത്തെ ഭൗതിക ആവശ്യത്തിനായി നിരന്തരം തുലനംചെയ്തുകൊണ്ട് മാത്രം ജീവിതം കരുപിടിച്ചു സാധാരണക്കാരനു മുമ്പിൽ ദൈവത്തിന്റെ ഇത്തരം ഭൗതീകരണമെന്ന വൈകൃത ധാരണ വലിയ ചിന്താപ്രതിസന്ധിക്കുന്നു. സത്യത്തിൽ ദൈവകണം എന്ന പേരാണ് ഈ പ്രശ്നങ്ങൾക്ക് മുഴുവൻ ആധാരം. ശരിക്കും ആ പേരൊരു മാർക്കറ്റിംഗ് തന്ത്രമായിട്ടാണ് രൂപംകൊടുത്തത്. ലിയോൺ ലെടർമാൻ എന്ന നോബേൽ എന്ന ജേതാവ് ഇതിനെ ഭാഗികമായിട്ടാണ് രൂപംകൊണ്ടത് ലിയോൺ ലെടർമാൻ എന്ന നോബൽ സമ്മാന ജേതാവ് ഇതിനെ ഭാഗികമായി ഉത്തരവാദിത്വമായും കൗതുകകരമാണ് ഉന്നതോർജ്ജ ഭൗതികത്തെയും കണികാ ഭൗതികത്തിന്റെ ചരിത്രത്തെയും ഹിഗ്ഗ്സ് ബോസോണിന്റെ അന്വേഷണത്തെ മുൻനിർത്തി ചർച്ചചെയ്യുന്ന ഒരു പുസ്തകം ലെഡർമാൻ ഡിക്ക്ടെരെസി എന്ന ശാസ്ത്രമെഴുത്തുകാരനുമായി ചേർന്ന് എഴുതി പ്രസിദ്ധീകരണത്തിന് സമർപ്പിച്ചു. ഈ പുസ്തകം പ്രസിദ്ധീകരണത്തിന് തീരുമാനിച്ചപ്പോൾ അതിന്റെ എഡിറ്റർ അനുഭവിച്ച ഒരു പ്രതിസന്ധി ഫിഗ്ഗ്സ് ബോസോൺ എന്ന മനുഷ്യർക്ക് മനസ്സിലാകാത്ത പേരും ആശയവും കൊണ്ട് എങ്ങിനെയാണ് ഈ പുസ്തകം ചെലവാക്കുക എന്നതാണ് അവർ ചിന്തിച്ചത്. എഡിറ്റർ അവസാനം ആശയത്തിൽ വലിയ മാറ്റംമുണ്ടാക്കാൻ സാധ്യമല്ല പേരിൽ മാറ്റം വരുത്താം എന്ന് അദ്ദേഹം ചിന്തിച്ചു. അങ്ങിനെ വായനയുടെ കാര്യത്തിൽ രൂപംകൊണ്ടിരിക്കുന്ന വലിയ മൂടൽമഞ്ഞിനെ ഉരുക്കിക്കളയാം എന്ന് ചിന്തിച്ചത്. ആ എഡിറ്റർ ആയിരുന്നു The God particle if the universe is the Answer what is the question? എന്ന പേര് ലോകത്തിനുമുമ്പിൽ അവതരിക്കപ്പെടുകയായിരുന്നു.

കേവലം ഒരു പേരിനപ്പുറം God particle എന്ന പേര് സൃഷ്ടിച്ച ബിംബത്തിനെ ഹിഗ്ഗ്സ് ബോസോൺ കണികയെ കണ്ടെത്തുന്നതിനുള്ള പരീക്ഷണങ്ങളുടെ സുഗമമായ

നടത്തിപ്പിൽ വലിയ പങ്കുവഹിക്കാനായിട്ടുണ്ട്. ലോകം ഇന്നുവരെ കണ്ടതിൽവെച്ച് ഏറ്റവും വലിയ പണച്ചെലവുവന്ന പരീക്ഷണ പരിപാടിയിലൂടെ മാത്രമെ ആ കണികയെ കണ്ടെത്താൻ കഴിയുമായിരുന്നുള്ളൂ. ലാർജ് ഹാഡ്രോൺ കൊളൈഡർ എന്ന എന്ന പരീക്ഷണോപകരണത്തെ ഭൗതികമായി നിർമ്മിച്ചെടുക്കാൻവേണ്ട പണം തടസ്സമില്ലാതെ ശാസ്ത്രസമൂഹത്തിന്റെ കൈകളിലേക്കെത്താൻ ദൈവകണികയെ കണ്ടെത്താനുള്ള വൻ പരീക്ഷണമെന്ന പേരിനും കഴിഞ്ഞിരുന്നു. കേവലം ഒരു കണികയെ കണ്ടെത്താൻ ഇത്ര പണമോ? എന്ന സ്വാഭാവിക ചോദ്യത്തിനപ്പുറം ദൈവത്തിനോളം പ്രധാനപ്പെട്ട ഒന്നിനെ കണ്ടെത്താനുള്ള ശ്രമമാണിത് എന്ന വ്യാഖ്യാനങ്ങൾ ആ ശ്രമങ്ങളുടെ പ്രാധാന്യത്തെ സംബന്ധിച്ച് LHC പരീക്ഷണങ്ങൾക്ക് പണം നൽകൊണ്ടിരുന്നവരെ ബോദ്ധ്യപ്പെടുത്തുന്നതിന് സഹായിച്ചിരുന്നു. ദൈവകണം എന്ന പേരിലൂടെ ആദ്യം നടത്തിയ പരീക്ഷണത്തിൽ ശാസ്ത്രസമൂഹത്തിന് വിചാരിച്ചതിലും അധികം ധനലാഭം അവർക്കുണ്ടായി അത് അവരെ ആവേശം കൊള്ളിച്ചു. ദൈവകണം തന്നെ തുറുപ്പുചീട്ട് എന്ന് അവൻ കരുതി. ഈ തുറുപ്പ്ചീട്ട് എല്ലാ കാലത്തും വിജയിക്കുമോ? എല്ലാ കാലത്തും വിജയിക്കുമോ എന്ന്തന്നെ അറിയണം. ദൈവം പ്രപഞ്ച വ്യാപിയാണല്ലോ. വിശ്വാസം സകല പ്രപഞ്ചത്തിലും തൂണിലും തുരുമ്പിലും സർവ്വചരാചരങ്ങളിലും അതിന്റെ വ്യാപനമുണ്ട് എന്ന് പണ്ടേ മുതലുള്ള വിശ്വാസമാണ് അതുപോലെ ഹിഗ്ഗ്സ് സർവ്വവ്യാപിയാണ് എന്നാണ് ഇന്ന് ശാസ്ത്രത്തിൽ നിലവിലുള്ള വിശ്വാസം. ദൈവവിശ്വാസമായി അൽപം സാമ്യം അജ്ഞാനികൾക്ക് തോന്നുമെങ്കിലും ദാർശനിക തലത്തിൽ ഒരിക്കലും ഈ വിശ്വാസത്തെ കൂട്ടികുഴക്കാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കുക.

പ്രകാശത്തിന്റെ കണികയായ ഫോട്ടോൺ പ്രതിനിധാനം ചെയ്യുന്ന കണികയാണ് ബോസോൺ എന്നത്. ഈ കണികയെ പ്രതിനിധാനം ചെയ്യുന്ന കണിക എന്താണ് എന്ന് ചോദിച്ചാൽ ഉത്തരമില്ല. പ്രകാശം എന്ന പ്രതിഭാസത്തെ വിശദീകരിക്കാൻ ഇനി എന്തൊക്കെ കണികകൾ വരുമെന്ന് പറയാനാവില്ല. ശബ്ദം എന്ന പ്രതിഭാസത്തെ വിശദീകരിക്കാൻ ഒരു പ്രത്യേക ആയതിയിലുള്ള അലയാണ് എന്ന വിശദീകരണം ശബ്ദം എന്ന പ്രതിഭാസത്തിന് നമുക്ക് നൽകാൻ കഴിയും. ഇത്ര അധികം സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടും പ്രകാശം അലയാണോ സൂക്ഷ്മകണങ്ങളുടെ പ്രവാഹമാണോ വൈദ്യുതകാന്തിക അലയാണോ, കണിക പ്രതിനിധികയുടെ ഫോട്ടോൺ കൈമാറ്റമാണോ പ്രകാശം എന്ന ചോദ്യത്തിന് ഉത്തരം കൃത്യമായി ഒരു അംഗീകൃത ശാസ്ത്രജ്ഞനു പറയുവാൻ കഴിഞ്ഞിട്ടില്ല. വേദദാർശനികതയിൽ പ്രകാശം ഒരു അല മാത്രമാണ്. വേദദാർശനികതയിൽ പ്രസിദ്ധമായ ഒരു വാക്ക് ഉപയോഗിക്കുന്നുണ്ട്. നാദബ്രഹ്മം പ്രകാശം ഒരു അലയാണ് എന്ന് അറിയാൻ പൂർവ്വ ദാർശനികൻമാർ ഒരു ടെക്നോളജിയും ഉപയോഗിച്ചിട്ടില്ല എന്നതാണ് മഹാ അത്ഭുതം. എന്നത് ആരെയും വിസ്മയിപ്പിക്കും. ഇനി ശ്രദ്ധയോടെ വായിക്കുക കാരണം ഈ ലേഖന കർത്താവ് വിശദീകരിക്കാൻ ശ്രമിക്കുന്ന ആശയത്തിൽ ഇലക്ട്രോമാഗനറ്റിക് ഫീൽഡ് ഹിഗ്ഗ്സ് ഫീൽഡ് ഫോട്ടോൺ ബോസോൺ എന്നീ കണങ്ങളും വരുന്നുണ്ട്. ഇത് ലേഖകന്റെ കുറ്റമല്ല. മുകളിൽ ഇരിക്കുന്ന അംഗീകൃത ശാസ്ത്രകാരന്മാരുടെ അഭിപ്രായം മാത്രമാണ് ലേഖകൻ വിവരിച്ചിരിക്കുന്നത്. ലേഖകൻ യുക്തിക്ക് നിരക്കാത്ത ചില ആശയങ്ങളിലൂടെ കാട് കയറി പോകുന്നത് കൊണ്ട് ജീവൻ ജോബ് തോമസിന്റെ ലേഖനം ഇവിടെ അവസാനിപ്പിക്കുന്നു.

# വിശ്വാസം

ഒരു ഹിന്ദു യുവാവ് എന്നോടു ചോദിച്ചു; "നീ എന്തടിസ്ഥാനത്തിലാണ് യേശുവിൽ വിശ്വസിക്കുന്നത്?" ഞാൻ അല്പംനേരം ചിന്തിച്ചു എന്നിട്ട് പറഞ്ഞു; "എന്നെ വളർത്തിയ മാതാപിതാക്കൾ പറയുന്നത് അവരുടെ സ്വന്തം മോനാണ് എന്നാണ്. എന്റെ കയ്യിൽ യാതൊരു തെളിവുമില്ല. അവർ പറയുന്നത് ഞാൻ വിശ്വസിക്കുന്നു. അപ്പോൾ ഹിന്ദു യുവാവിന്റെ മറുപടി; "അതിന് ഡി.എൻ.എ. ടെസ്റ്റ് നടത്തിയാൽ പോരെ?" അപ്പോൾ ഞാൻ മറുപടി കൊടുത്തു. "ഞാനല്ല ഡി.എൻ.എ. ടെസ്റ്റ് കണ്ടുപിടിച്ചത്. എനിക്ക് ഡി.എൻ.എ. ടെസ്റ്റ് നടത്താൻ അറിയില്ല. ഡോക്ടറെ എങ്ങനെ വിശ്വസിക്കും? ഡി.എൻ.എ. ടെസ്റ്റ് എത്ര ശതമാനം ശരിയായിരിക്കും എന്നത് കാലം തെളിയിക്കും." ഹിന്ദു യുവാവിന് ഉത്തരം മുട്ടി. ചില വിശ്വാസങ്ങൾ അന്ധമായി വിശ്വസിച്ചേ പറ്റൂ. എന്നാൽ ചില വിശ്വാസങ്ങൾ ശരിയാണ് എന്നറിയറിണമെങ്കിൽ സംഭവ്യവും അസംഭവ്യവുമായ കാര്യങ്ങൾ തിരിച്ചറിയണം. അതിന് ബുദ്ധിയും ആഴമേറിയ ചിന്തയും, അതായത് യുക്തിയും ജ്ഞാനവും ഗവേഷണ താല്പര്യവും ആവശ്യമാണ്. അതുകൊണ്ട് ചിലപ്പോൾ വിശ്വാസം വലിയ കീറാമുട്ടിയായി മാറുന്നു.

**വിശ്വാസത്തിന്റെ നിർവ്വചനം: വിശ്വം+ശ്വാസം**

വിശ്വം എന്നതിന് ലോകം, പ്രപഞ്ചം, ഈശ്വരൻ എന്നെല്ലാം അർത്ഥം കല്പിക്കാം. ശ്വാസം എന്നാൽ വലിക്കുക, സ്വീകരിക്കുക എന്നെല്ലാം അർത്ഥം കൽപിക്കാം. അങ്ങനെ വരുമ്പോൾ വിശ്വത്തെ സ്വീകരിക്കുന്നത് അത് വിശ്വാസം.

**വിശ്വം+നിശ്വാസം**

നിശ്വാസം എന്നാൽ തള്ളുക, നിരാകരിക്കുക എന്ന് അർത്ഥം. വിശ്വത്തെ നിരാകരിക്കുന്നത് നിരീശ്വരത്വം ലോകത്തിൽ കാണാൻ കഴിയുന്ന സത്യവും കാണാൻ കഴിയാത്ത സത്യവുമുണ്ട്. ലോകത്തിൽ കാണാൻ കഴിയാത്ത സത്തയെ അംഗീകരിക്കുന്നത് അഥവാ സ്വീകരിക്കുന്നത് വിശ്വാസത്തിന്റെ പൂർണ്ണതയാണ്. ലോകത്തിൽ കാണാൻ കഴിയുന്നതിനെ അംഗീകരിച്ചാലും വിശ്വാസം പൂർണ്ണമാകുന്നില്ല. യഥാർത്ഥ അന്ധവിശ്വാസം മനസ്സിന്റെ അന്ധതയാണ്. അല്ലാതെ കണ്ണിന് കാണാൻ കഴിയാത്ത അന്ധതയല്ല. വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ്. (ഹെബ്രാ. 11-1)

തോമസിനോട് യേശു പറഞ്ഞു:"എന്നെ കണ്ടതുകൊണ്ട് നീ വിശ്വസിച്ചു. കാണാതെ തന്നെ വിശ്വസിക്കുന്നവർ അനുഗ്രഹീതർ. (യോഹ. 20:29) വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം ലഭിക്കും (മത്തായി 21:22) പ്രത്യാശിക്കുന്നത് സമയത്തോ അല്ലാതെയോ ലഭിക്കാത്തതുകൊണ്ട് അവിശ്വാസം അരുത്. കാരണം പ്രത്യാശിക്കുന്നത് ആയിരിക്കുകയില്ല നിങ്ങൾക്ക് ദൈവം ചിലപ്പോൾ തരുന്നത്. അത് എന്താണ് എന്ന് പറയാൻ കഴിയില്ല. അവിടത്തെ ഇഷ്ടം നിറവേറ്റണേ എന്ന് പ്രാർത്ഥിക്കാനേ നമുക്കാവൂ. ഇല്ലാത്തത് ഉണ്ട് എന്ന് വിശ്വാസിക്കാനല്ല ബൈബിൾ നമ്മോട് പറയുന്നത്. കാണപ്പെടാത്തത് വിശ്വസിക്കുവാനാണ് പറയുന്നത്. എല്ലാറ്റിനും ഒരു തെളിവ് വേണമെന്ന് വാശി പിടിച്ചാൽ അത് ബാലിശമായി പോകും. കാര്യമറിയാതെ വിശി പിടിക്കുന്നവരാണല്ലോ ബാലന്മാരും ശിശുക്കളും. നിത്യജീവിതത്തിൽ എത്രയോ കാര്യങ്ങൾ നാം അന്ധമായി വിശ്വസിക്കുന്നു.

എന്നാൽ ചില കാര്യങ്ങൾ വരുമ്പോൾ  അന്ധമായ വിശ്വാസത്തെ നാം പഴിക്കുന്നു. എന്തിന് നീ ദൈവത്തെ പഴിക്കുന്നു. അനുഭവമാണ് വിശ്വാസത്തിന്റെ അടിത്തറ എന്ന് പറയാറുണ്ട്. ചിലപ്പോൾ ചില അനുഭവങ്ങൾ വിശ്വാസ ഇടർച്ച ഉണ്ടാക്കുന്നു എന്ന് തോന്നുന്നുവെങ്കിൽ അത്തരം അനുഭവങ്ങളെ ദൈവീക പരീക്ഷകളായോ തിരുവിഷ്ടമായോ അത് കണ്ടാൽ അത് വിശ്വാസത്തിന് ശക്തി പകരും.

മൂന്നുതരം വിശ്വാസങ്ങൾ ഇഴുകി ചേർന്നതാണ് അന്ധവിശ്വാസങ്ങൾ. ബാഹ്യാന്ധതയും മദ്ധ്യാന്ധതയും മനക്കണ്ണിന്റെ അന്ധതയും. ബാഹ്യമായ നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത സത്യങ്ങളെ ബാഹ്യാന്ധത എന്നു പറയുന്നു. ബാഹ്യമായ കണ്ണുകൾ കൊണ്ട് സമീപത്തിരിക്കുന്ന ലോകത്തെ മാത്രം കാണുന്നു. അതിനപ്പുറത്തുള്ള ലോകത്തെ കുറിച്ചും അതിന്റെ വലിപ്പത്തെ കുറിച്ചും ലോകത്തിന്റെ സ്പഷ്ടമായ അവസ്ഥയെ കുറിച്ചും അതിലെല്ലാം നിറഞ്ഞു നിൽക്കുന്ന ദൈവത്തിന്റെ അസ്ഥിത്വത്തെ കുറിച്ചൊന്നും കാണുന്നില്ല. കിണറ്റിലിരിക്കുന്ന തവളയെപ്പോലെ തവളക്ക് കിണറാണ് വലിയ ലോകം. സമയവും സാഹചര്യവും അനുസരിച്ച് ലോകത്തെ വളരെ കുറച്ചു മാത്രം നേരിൽ കാണുകയും വായിച്ചും കേട്ടും മാധ്യമങ്ങളിലൂടെ കണ്ടും വിശ്വസിക്കുന്നതും വളരെ അധികമാണ്. ഇവയെല്ലാം നാം നേരിട്ട് കാണാതെയാണ് വിശ്വസിക്കുന്നത്. ഇതിനെ മദ്ധ്യാന്ധത എന്നു പറയുന്നു. മനക്കണ്ണ് പ്രവർത്തിക്കാതെ വരുമ്പോഴോ അത് ഇല്ലാത്തതുകൊണ്ടോ ആണ് മനക്കണ്ണിന്റെ അന്ധത ഉണ്ടാകുന്നത്. മനനം ചെയ്യാനുള്ള കഴിവ് ഓരോ മനുഷ്യനും വ്യത്യാസപ്പെട്ടിരിക്കും. മനക്കണ്ണിന്റെ അന്ധത ബാധിച്ചവന് ദൈവത്തെ അംഗീകരിക്കാൻ കഴിയുകയില്ല. ബാഹ്യമായ കണ്ണുകൾ കൊണ്ട് വിശ്വസിക്കാൻ കഴിയാത്ത കാര്യങ്ങളെ നാം അറിയാതെ അന്ധവിശ്വാസം എന്നു പറഞ്ഞുപോരുന്നു. മനക്കണ്ണിന്റെ അന്ധത ബാധിച്ചവനാണ് യഥാർത്ഥ അന്ധവിശ്വാസി. അതായത് നിരീശ്വരവാദി.

**എന്താണ് മനക്കണ്ണ്?**

മനക്കണ്ണുള്ളവനെ സമീപത്തിരിക്കുന്ന ലോകം മാത്രമല്ല കാണുന്നത്. അതിനപ്പുറത്തുള്ള ലോകത്തെ കുറിച്ചും തിന്റെ വലിപ്പത്തെ കുറിച്ചും ലോകത്തിന്റെ സ്പഷ്ടമായ അവസ്ഥയെ കുറിച്ചും അതിലെല്ലാം നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ അസ്ഥിത്വത്തെക്കുറിച്ചും മനക്കണ്ണ് കാണുന്നു. ബാഹ്യമായ കണ്ണുകൾ ഇല്ലെങ്കിൽപോലും മനക്കണ്ണുള്ളവന് ഈ പ്രപഞ്ചത്തെ കാണാൻ കഴിയും. മാത്രമോ? ഭാവി, ഭൂതം എല്ലാം അവന് കാണാം. ഭൂതം, ഭാവി എന്നിവ കാണണമെങ്കിൽ മനക്കണ്ണ് പൂർണ്ണമായി പ്രവർത്തന ക്ഷമമായിരിക്കണം. ഈ മനക്കണ്ണ് പൂർമായും പ്രവർത്തനക്ഷമമായ വ്യക്തി ചരിത്രത്തിൽ യേശുമാത്രമേയുള്ളൂ.  ഇന്ന് സർവ്വസാധാരണമായ യുക്തി ആഴം കുറഞ്ഞതാണ്. അത് ദൈവനിക്ഷേധകമാണ്. വളരെ ആഴത്തിലുള്ള യുക്തി ദൈവത്തെ അംഗീകരിക്കുന്നു. ആത്മീയത വസ്തുതകളെ മാത്രം നിരത്തുന്നു. യുക്തി അതിന്റെ കാരണങ്ങൾ നിരത്തുന്നു. വലതു-ഇടതു കണ്ണുകളെ പോലെ യുക്തിയും ആത്മീയതയും വർത്തിക്കുന്നു. ആത്മീയത ഹൃദയത്തിൽ നിന്നും പുറപ്പെടുന്നു. യുക്തി ബുദ്ധിയിൽ നിന്നും പുറപ്പെടുന്നു. ഹൃദയം എന്ന വാക്ക് മനസ്സിലെ പ്രത്യേക ഭാഗത്തെയാണ് ഉദ്ദേശിക്കുന്നത്. ഹൃദയം മനസ്സിന്റെ മദ്ധ്യമേഖലയിലാണ് നിലകൊള്ളുന്നത് എന്നതാണ് ദാർശനിക നിലപാട്.